(ബി) കള്ളനോട്ട് കേസ്സുമായി എത്രയാളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കള്ളനോട്ടുകളുടെ വിനിയമം തടയുന്നതിനും, അതിന്റെ ഉറവിടം കണ്ടെത്തുന്നതിനും ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില ജില്ലകളിൽ കള്ളനോട്ടുകൾ വ്യാപാരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) 147 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) കള്ളനോട്ടുകളുടെ വിനിമയം തടയുന്നതിന് ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ എറണാകുളം ആസ്ഥാനമാക്കി ഒരു എസ്.പി.യുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഓരോ ഡിവൈ.എസ്.പി. മാരുടെ സബ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ കണ്ണൂർ ക്രൈംബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ 7 ഡിവൈ.എസ്.പി. മാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ സ്കാഡ് കള്ളനോട്ടുകളുടെ ഉറവിടവും മറ്റും കണ്ടെത്തുന്നതിനും, അന്വേഷണം നടത്തുന്നതിനുമായി പ്രവർത്തിച്ചു വരുന്നുണ്ട്.

## സർക്കാർ പ്രസിദ്ധീകരണങ്ങൾ

**24 (762)** ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ എത്ര പ്രസിദ്ധീകരണങ്ങൾ ഉണ്ട്;

(ബി) അവ ഏതൊക്കെയാണ്;

(സി) ഇവ എത്ര കോപ്പി വീതമാണ് പ്രസിദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രസിദ്ധീകരണങ്ങൾക്കും ആവശ്യമായ ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ നിയന്ത്രണത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പിന് രണ്ട് പ്രതിമാസ പ്രസിദ്ധീകരണങ്ങൾ ഉണ്ട്.

(ബി) ജനപഥം (മലയാളം)

2. കേരളാ കാളിംഗ് (ഇംഗ്ലീഷ്)

(സി) ജനപഥം - 30000 കോപ്പി

കേരളാ കാളിംഗ് - 25000 കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ മാസികകൾ സാധാരണയായി സർക്കാർ പ്രസ്സിലാണ് അച്ചടിക്കുന്നത്. അവിടെ അച്ചടിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളപ്പോൾ മറ്റ് പ്രസ്സുകളിൽ കൊടുത്ത് അച്ചടി നടത്താറുണ്ട്. ഇതിന്റെ ചെലവ് പല പ്പോഴും വ്യത്യസ്തമായിരിക്കും.

## സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

**25(763)** ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ട്;

(സി) സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണതത്വം പൂർണ്ണമായി പാലിച്ചാൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജോലി നൽകുവാൻ കഴിയും;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ സംവര ണതത്വം പാലിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ടോ;

(ഇ) സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)&(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് സംവരണ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണമെന്നാണ് സർക്കാരിന്റെ നയം.

## കേരളാ വാണികവൈശ്യ സംഘത്തിന്റെ ഹർജി

**26 (764)** ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാണികവൈശ്യ സംഘത്തിന്റെ ഭീമഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

I) വണികവൈശ്യരെ അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽ ഉൾപ്പെ ടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly